(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും സാൻസ്ക്രിറ്റ് എൻകറേജ്മെന്റ് സ്കോളർഷിപ്പുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ;

(ഡി) ഇതനുസരിച്ച് 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ എത്ര പേർക്ക് സ്കോളർഷിപ്പുകൾ നൽകി ;

(ഇ) ഇവർ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപ്പെട്ടവരാണ് ?

ഉത്തരം

(എ) 3 (മൂന്ന്)

(ബി) ഗവൺമെൻറ് സംസ്കൃത കോളേജ്, തിരുവനന്തപുരം.
ഗവൺമെൻറ് സംസ്കൃത കോളേജ്, പട്ടാമ്പി.
ഗവൺമെൻറ് സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.

(സി, ഡി) സംസ്കൃത വിദ്യാലയങ്ങളിലെ രക്ഷകർത്താക്കൾക്ക് 5,000 രൂപയിൽ കുറഞ്ഞ വാർഷികവരുമാനമുള്ള വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് നൽകുന്നത്.

കോഴ്സ്	1982-83	1983-84	1984-85
പ്രീഡിഗ്രി	95	85	85
ബി. എ.	10	16	25
എം. എ.	9	20	13
ആകെ	104	121	123

(ഇ) തിരുവനന്തപുരം, തൃപ്പുണിത്തുറ, പട്ടാമ്പി എന്നിവിടങ്ങളിലെ ഗവൺമെൻറ് സംസ്കൃത കോളേജുകളിലും ഇടക്കടം ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠത്തിലും പഠിച്ചിരുന്നവരാണ്.

സർവ്വകലാശാല പരീക്ഷാ ഫലപ്രഖ്യാപനത്തെ കുറിച്ചുള്ള പരാതികൾ

163 [210] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അടുത്ത കാലത്തുണ്ടായ സർവ്വകലാശാല പരീക്ഷാഫലപ്രഖ്യാപനത്തെക്കുറിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഓരോ സർവ്വകലാശാലയിലും എത്ര പരാതികൾ വീതമുണ്ടായിരുന്നു ;

(സി) പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ, ബി) 7,044 പരാതികൾ. കാലിക്കട്ട് സർവ്വകലാശാലയിൽ 2,500-ഉം കേരള സർവ്വകലാശാലയിൽ 4,538-ഉം ഗാന്ധിജി സർവ്വകലാശാലയിൽ 6-ഉം പരാതികൾ ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലിക്കട്ട് സർവ്വകലാശാലയിലും ഗാന്ധിജി സർവ്വകലാശാലയിലും ലഭിച്ച പരാതികളെല്ലാം പരിഹരിച്ചു കഴിഞ്ഞു. കേരള സർവ്വകലാശാലയിൽ ഊർജ്ജിത നടപടികളെടുക്കുന്നുണ്ട്. 1,712 പരാതികളും പരിഹരിച്ചുകഴിഞ്ഞു. 7,500 ഓളം പരാതികളും നടപടി ആവശ്യമില്ലാത്തവയാണ്. ബാക്കി 326 പരാതികളിൻമേൽ നടപടികളും പൂർത്തിയായിവരുന്നു.

പുതിയ കോഴ്സുകൾ

164 [211] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം ജൂനിയർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് തുടങ്ങുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എയും ബിയും) തീരുമാനിച്ചിട്ടില്ല.

സിലബസ്സ് പരിഷ്ക്കരണം

165. [212] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഹൈസ്കൂൾ തലം വരെയുള്ള സിലബസ്സ് പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ പരാതികളെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിലബസ്സ് പരിഷ്ക്കരണത്തെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ചില പാഠഭാഗങ്ങളെക്കുറിച്ചുള്ള പരാതികളിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ ജില്ലകളുടെ പുനഃസംഘടന

166. [213] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തുള്ള വിദ്യാഭ്യാസ ജില്ലകൾ പുനഃസംഘടിപ്പിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ ആകെ എത്ര വിദ്യാഭ്യാസ ജില്ലകളാണ് സംസ്ഥാനത്ത് നിലവിലുള്ളത് ;

(സി) ഓരോ വിദ്യാഭ്യാസ ജില്ലാ ആഫീസറുടെയും കീഴിൽ എത്ര എ. ഇ. ഒ. ആഫീസുകൾ വീതമാണ് ഉള്ളത് ;

(ഡി) ഇതിൻറെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly